2024
FEBRUARY
16
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കുടുംബശ്രീ 'ഡിജി കൂട്ടം' 18ന്

**തിരുവനന്തപുരം:** സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനു സർക്കാർ നടപ്പാക്കുന്ന 'ഡിജി കേരളം' ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളും 18ന് പ്രത്യേക യോഗം ചേരും. 'ഡിജി കൂട്ടം' എന്ന പേരിൽ സ്മാർട്ട് ഫോണുമായാണ് അന്ന് അംഗങ്ങൾ യോഗത്തിന് ചേരുന്നത്. പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനും കൂടുതൽ പേരെ പദ്ധതിയുടെ ഭാഗമാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിൻറെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 18 വരെ സംഘടിപ്പിക്കുന്ന 'ഡിജി വാരാഘോഷ'ത്തിൻറെ ഭാഗമായാണ് കുടുംബശ്രീയുടെ കീഴിലുള്ള മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലും പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുന്നത്.ഡിജി കേരളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കുടുംബശ്രീ പ്രവർത്തകർ, എസ്.സി, എസ്.ടി പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് വീഡിയോ ട്യൂട്ടോറിയൽ വഴി പരിശീലനം നൽകി വിവരശേഖരണം നടത്താനും തുടർന്ന് പ്രത്യേക പരിശീലനം നൽകിയ ഡിജിറ്റൽ വൊളണ്ടിയർമാർ വഴി ഡിജിറ്റൽ സാക്ഷരതാ പ്രവർത്തനം നടത്താനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.18ന് ചേരുന്ന പ്രത്യേക അയൽക്കൂട്ടത്തിൽ തങ്ങളുടെ പരിധിയിൽ ഡിജിറ്റൽ സാക്ഷരത ആവശ്യമുള്ളവരുടെ പട്ടിക ഓരോ അയൽക്കൂട്ടവും തയ്യാറാക്കും. കുടുംബശ്രീ ഔദ്യോഗിക യൂട്യൂബ് ചാനൽ വഴി മുദ്രഗീതവും ഡിജി കേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കിയ വീഡിയോ ട്യൂട്ടോറിയലും എല്ലാ അംഗങ്ങളും കേൾക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

# യുഎഇയും ഇന്ത്യയും തമ്മിൽ
# ഉഭയകക്ഷി നിക്ഷേപ ഉടമ്പടി

**ദുബായ്:** വിവിധ മേഖലകളിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനായി യുഎഇയും ഇന്ത്യയും ഉഭയകക്ഷി നിക്ഷേപ ഉടമ്പടിയിൽ ഒപ്പിട്ടു.ഇരുരാജ്യങ്ങളിലെയും വിവിധ മേഖലകളിൽ നിക്ഷേപം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന് ഉഭയകക്ഷി നിക്ഷേപ ഉടമ്പടി വലിയ രീതിയിൽ സഹായകമാകുമെന്നു ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും യുണൈറ്റഡ് അറബ് എമിറേറ്റ്സ് പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും വ്യക്തമാക്കി.ഇരു നേതാക്കളും അബുദാബിയിൽ കൂടിക്കാഴ്ച നടത്തി. 2023ൽ ഇന്ത്യയിലെ നാലാമത്തെ വലിയ നിക്ഷേപകരും മൊത്തത്തിലുള്ള നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ ഏഴാമത്തെ വലിയ സ്രോതസ്സുമായിരുന്നു യുഎഇ. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സാമ്പത്തിക ഇടപെടലിന്റെ പ്രത്യേകതയും ആഴവും പ്രതിഫലിപ്പിക്കുന്ന ഉഭയകക്ഷി നിക്ഷേപ ഉടമ്പടിയിലും സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിലും യുഎഇയും ഇന്ത്യയും ഒപ്പുവച്ചതായും ഇരുവരും പറഞ്ഞു.ജബൽ അലിയിൽ ഭാരത് മാർട്ട് സ്ഥാപിക്കാനുള്ള തീരുമാനത്തെ നേതാക്കൾ സ്വാഗതം ചെയ്തു. ഇത് ഉഭയകക്ഷി വ്യാപാരത്തിനു കൂടുതൽ പ്രോത്സാഹനമേകുകയും ജബൽ അലി തുറമുഖത്തിന്റെ തന്ത്രപ്രധാനമായ സ്ഥാനം പ്രയോജനപ്പെടുത്തി സിഇപിഎയുടെ വിനിയോഗം വർധിപ്പിക്കുന്നതിനുള്ള വേദിയായി വർത്തിക്കുകയും ചെയ്യും. മധ്യപൂർവേഷ്യ, ആഫ്രിക്ക, യൂറേഷ്യ എന്നിവിടങ്ങളിലുടനീളം അന്തർദേശീയ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാനും അവരുടെ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും ഫലപ്രദമായ സംവിധാനം ഒരുക്കി, ഇന്ത്യയിൽനിന്നുള്ള സൂക്ഷ്മചെറുകിടഇടത്തരം സംരംഭങ്ങളെ ഭാരത് മാർട്ട് പിന്തുണയ്ക്കുമെന്ന് അവർ അഭിപ്രായപ്പെട്ടു.സാമ്പത്തികമേഖലയിലെ സാമ്പത്തിക ഇടപെടൽ വർധിപ്പിക്കുന്നതിനെ നേതാക്കൾ അഭിനന്ദിച്ചു. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) യുഎഇ സെൻട്രൽ ബാങ്കുമായി പങ്കുവയ്ക്കുന്ന ഡിജിറ്റൽ റുപേ സ്റ്റാക്ക് പ്രയോജനപ്പെടുത്തി യുഎഇയുടെ ആഭ്യന്തര കാർഡ് പദ്ധതിയായ ജയ്‌വാൻ ആരംഭിച്ചതിനു ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ദേശീയ പേയ്മെന്റ് സംവിധാനങ്ങളായ യുപിഐ (ഇന്ത്യ), എഎൻഐ (യുഎഇ) എന്നിവയെ പരസ്പരം കൂട്ടിയിണക്കുന്നതിനുള്ള കരാറിനെ നേതാക്കൾ സ്വാഗതം ചെയ്തു. ഇത് ഇരുരാജ്യങ്ങൾക്കുമിടയിൽ തടസ്സമില്ലാത്ത പണമിടപാടുകൾ സുഗമമാക്കും.എണ്ണ, വാതകം, പുനരുപയോഗ ഊർജം എന്നിവ ഉൾപ്പെടുന്ന ഊർജമേഖലയിൽ ഉഭയകക്ഷി പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുള്ള വഴികൾ ഇരുനേതാക്കളും ചർച്ച ചെയ്തു. അബുദാബി ഗ്യാസും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡും ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും തമ്മിൽ യഥാക്രമം 1.2 എംഎംടിപിഎ, 0.5 എംഎംടിപിഎ എന്നിവയ്ക്കായി രണ്ടു പുതിയ ദീർഘകാല എൽഎൻജി വിതരണ കരാറുകളിൽ അടുത്തിടെ ഒപ്പുവച്ചത് അവർ അംഗീകരിച്ചു. ഈ കരാറുകൾ ഇരുരാജ്യങ്ങളും തമ്മിലുള്ള ഊർജപങ്കാളിത്തത്തിൽ പുതിയ യുഗത്തിനു നാന്ദി കുറിക്കും. അത്തരം കൂടുതൽ അവസരങ്ങൾ കണ്ടെത്താൻ ഇരുനേതാക്കളും കമ്പനികളെ പ്രോത്സാഹിപ്പിച്ചു. ചെയ്തു. കൂടാതെ, ഹൈഡ്രജൻ, സൗരോർജം, ഗ്രിഡ് കണക്റ്റിവിറ്റി എന്നിവയിൽ സഹകരണം മുന്നോട്ടുകൊണ്ടുപോകാനും ഇരുപക്ഷവും സമ്മതിച്ചു.



## 30 വയസിന് മുകളിലുള്ളവരുടെ ആരോഗ്യ സ്ക്രീനിംഗ് നടത്തും

### ■ ശൈലി 2.0 ആപ്പ് വികസിപ്പിച്ചു
### ■ സ്ക്രീൻ ചെയ്യുക മാത്രമല്ല പരിശോധനയും തുടർ ചികിത്സയും ഉറപ്പാക്കും

**തിരുവനന്തപുരം:** 30 വയസിന് മുകളിലുള്ള മുഴുവൻ പേരുടേയും വാർഷികാരോഗ്യ സ്ക്രീനിംഗ് നടത്തുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഒന്നാം ഘട്ട സ്ക്രീനിംഗിൽ പങ്കെടുക്കാൻ സാധിക്കാതെപോയ എല്ലാവരേയും ഉൾക്കൊള്ളിച്ച് രണ്ടാം ഘട്ടത്തിൽ 100 ശതമാനവും പൂർത്തിയാക്കുന്നതാണ്. ശൈലി രണ്ടിൽ കൂടുതൽ രോഗങ്ങളുടെ സ്ക്രീനിംഗ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്ക്രീൻ ചെയ്യുക മാത്രമല്ല പരിശോധനയും തുടർ ചികിത്സയും ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി. ശൈലി ഒന്നാംഘട്ടത്തിൽ പ്രവർത്തിച്ച എല്ലാവരേയും കൃത്യസമയത്ത് ശൈലി 2.0 ലോഞ്ച് ചെയ്യാനായി പരിശ്രമിച്ച എല്ലാവരേയും മന്ത്രി അഭിനന്ദിച്ചു. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിന്റെ (ശൈലി 2.0) ലോഞ്ചിംഗ് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയിരുന്നു. സ്ക്രീനിംഗിൽ രോഗ സാധ്യതയുള്ള 23.5 ലക്ഷത്തോളം പേരുടെ തുടർ പരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു. 30 വയസിന് മുകളിൽ ലക്ഷ്യം വച്ചവരിൽ ബഹുഭൂരിപക്ഷം വ്യക്തികളുടേയും സ്ക്രീനിംഗ് പൂർത്തിയായ സ്ഥിതിയിലാണ് രണ്ടാം ഘട്ടത്തിലേക്ക് കടന്നത്. ഇതിനായി ശൈലി 2.0 ആപ്പ് വികസിപ്പിച്ചു.ജനകീയ പങ്കാളിത്തത്തോടെയായിരിക്കും രണ്ടാംഘട്ടം നടപ്പിലാക്കുക. ഇ ഹെൽത്ത് രൂപകല്പന ചെയ്യുന്ന ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. രണ്ടാം ഘട്ടത്തിൽ കുഷ്ഠ രോഗം, കാഴ്ചക്കുറവ്, കേൾവി കുറവ്, മാനസികാരോഗ്യ പ്രശ്നങ്ങൾ, വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവയുടെ സ്ക്രീനിംഗും നടത്തും. നവകേരളം കർമ്മപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വാർഷികാരോഗ്യ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ ക്രോഡീകരിക്കും.വീടുകളിലെത്തി സ്ക്രീനിംഗിലൂടെ രോഗസാധ്യത കണ്ടെത്തിയ വ്യക്തികൾക്ക് പരിശോധനയും രോഗനിർണയവും നടത്തി തുടർചികിത്സ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. നിലവിൽ ജീവിതശൈലീ രോഗങ്ങളുള്ളവരുടേയും രോഗ സാധ്യതയുള്ളവരുടേയും കൃത്യമായ വിവരങ്ങൾ ശേഖരിക്കാൻ ആരോഗ്യ വകുപ്പിനായി. ജീവിതശൈലീ രോഗങ്ങൾ നേരത്തേ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നത് വഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും. അതോടൊപ്പം രോഗസാധ്യത കണ്ടെത്തിയവരിൽ ജീവിതശൈലിയിൽ മാറ്റം വരുത്തിയും വ്യായാമത്തിലൂടെയും ജീവിതശൈലീ രോഗങ്ങൾ വരാതെ പ്രതിരോധിക്കാനും സാധിക്കുന്നു.



# ഫ്രീഗ്രൗണ്ട് മ്യൂസിക് ഫെസ്റ്റിവൽ: സംഗീത വിസ്മയത്തിനൊരുങ്ങി കൊച്ചി



**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ സംഗീത മേളയായ ഫ്രീഗ്രൗണ്ട് മ്യൂസിക് ഫെസ്റ്റിവൽ 2024 ന് കൊച്ചി ബോൾഗാട്ടിയിൽ വേദിയൊരുങ്ങി.വ്യത്യസ്ത സംഗീത ശാഖകളും സർഗ്ഗാത്മകതയും സമ്മേളിക്കുന്ന രണ്ട് ദിവസത്തെ ആഘോഷങ്ങളാണ് ഫെബ്രുവരി 17, 18 തീയതികളിലായി നടക്കുന്നത്.സംഗീതവും കലയും സർഗ്ഗാത്മകതയും നിറഞ്ഞ ഒരു വാരാന്ത്യം ആസ്വദിക്കാനുള്ള അവസരമാണ് ഫ്രീഗ്രൗണ്ട് മ്യൂസിക് ഫെസ്റ്റിവൽ ഒരുക്കുന്നതെന്ന് ഫെസ്റ്റിവൽ ഡയറക്ടർ അക്ഷയ് കൃഷ്ണ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.വൈകീട്ട് 3 മുതൽ രാത്രി 10 വരെ വിവിധ വിഭാഗങ്ങളിലായി 20ലധികം കലാകാരന്മാരും സംഗീത ബാൻഡുകളുമാണ് അണിനിരക്കുന്നത്. പരിക്രമ, ഫങ്കനേഷൻ, സ്ട്രീറ്റ് അക്കാദമിക്സ്, രഘു ദീക്ഷിത് തുടങ്ങി നിരവധി ബാന്റുകളുടെ മിന്നുന്ന പ്രകടനങ്ങൾ മുതൽ ഹനുമാൻ കൈന്റിന്റെയും ചായ് മെറ്റ് ടോസ്റ്റിന്റെയും ഹൃദ്യമായ മെലഡികൾ വരെ പെയ്തിറങ്ങും. സ്വതന്ത്ര സംഗീതത്തിന്റെ വിസ്മയിപ്പിക്കുന്ന അനുഭവമാണ് കലാകാരൻമാർ സൃഷ്ടിക്കുന്നത്. വൈവിധ്യമാർന്ന സംഗീതവും, ആസ്വാദകരും ഒത്തുചേരുന്ന സംഗീതോത്സവം അക്ഷരാർത്ഥത്തിൽ നഗരത്തെ ത്രസിപ്പിക്കുന്നതാവുമെന്ന് അക്ഷയ് കൃഷ്ണ പറഞ്ഞു.മ്യൂസിക്കൽ ലൈനപ്പിന് പുറമേ, ഫ്രീഗ്രൗണ്ട് മ്യൂസിക് ഫെസ്റ്റിവലിൽ രാവിലെ 11 മണി മുതൽ വൈകീട്ട് 3 മണി വരെ, വൈവിധ്യമാർന്ന വർക്ക് ഷോപ്പുകളും നടക്കുമെന്ന് ആർട്ടിസ്റ്റ് മാനേജ്മെന്റ് ഡയറക്ടർ അനുശ്രീ എസ്.പി. പറഞ്ഞു. ലെഫ്റ്റ് ഹാൻഡറുമായുള്ള ഗ്രാഫിറ്റി വർക്ക്ഷോപ്പ്: ജാവേദ് ഹസ്സൻ നയിക്കുന്ന പോയ് സ്പിന്നിങ്ങ് സെഷൻ ഇയാഷി എക്സ്പീരിയൻസ് വർക്ക്ഷോപ്പ്, പ്രജ്വൽ സേവ്യറിന്റെ മലയാളം കാലിഗ്രാഫിയിലേക്കും സമകാലിക രൂപകല്പനയിലേക്കും ഒരു യാത്ര.കളിമൺ മോൾഡിങ്ങ് വർക്ക്ഷോപ്പ്: ബോഡി പിയേഴ്സിംഗ് ടാറ്റൂ സ്റ്റുഡിയോ വർക്ക്ഷോപ്പ് എന്നിവയാണ് ഫെസ്റ്റിവലിന്റെ മറ്റ് ഹൈലൈറ്റുകൾ.ഫ്രീഗ്രൗണ്ട് മ്യൂസിക് ഫെസ്റ്റിവലിന്റെ ടിക്കറ്റുകൾക്കും കൂടുതൽ വിവരങ്ങൾക്കും https://insider.in/freegroundmusicfestival-feb17-2024/event,Paytm ഇൻസൈഡർ അല്ലെങ്കിൽ hello@freegroundfestival.com എന്ന ഐ ഡിയിലേക്ക് മെയിൽ ചെയ്യുക.അസോസിയേറ്റ് ഫെസ്റ്റിവൽ ഡയറക്ടർ ഫരിസുദ്ധീൻ ഫൈസൽ, പിആർ ഡയറക്ടർ തോമസ് ജോസഫ് വൈദ്യൻ, ഓപ്പറേഷൻ ഡയറക്ടർ ക്രിസ്റ്റിൻ തങ്കച്ചൻ, നിഖിൽ ഫ്രാൻസിസ്, ഷൈൻ എബ്രഹാം എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.ശീമാട്ടി യങ്ങാണ് ടൈറ്റിൽ സ്പോൺസർ. ഇൻഫോപാർക്ക്, ലേക്ഷോർ ഹോസ്പിറ്റൽ, 56 സെക്യൂർ എന്നിവയുടെ പിന്തുണയോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

# മൽസ്യകൃഷി വികസനം' ; സിഫ്റ്റിൽ ശിൽപശാല

**കൊച്ചി:** നാഷണൽ പ്രൊഡക്ടിവിറ്റി കൗണ്സിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന മത്സ്യകൃഷി മേഖലയിൽ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർഎഎസ്), ബയോഫ്ലോക് അക്വാകൾച്ചർ ടെക്നോളജീസ് എന്നിവയെക്കുറിച്ചുള്ള അവബോധം കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി 'റീ സർകുലേറ്ററി അക്വാകൾച്ചർ , ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റങ്ങൾ മത്സ്യകൃഷി മേഖലയിൽ ' എന്നീ വിഷയത്തിൽ കൊച്ചിയിലെ വില്ലിങ്ടൺ ഐലൻഡിൽ പ്രവർത്തിക്കുന്ന കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിൽ ഏകദിന ശിൽപശാല സംഘടിപ്പിച്ചു. എൻ പി സി ഡയറക്ടർ ജനറൽ എസ്.ഗോപാലകൃഷ്ണൻ ഐ എ എസ് ശിൽപശാല ഉദ്ഘാടനം ചെയ്തു.അത്യാധുനിക സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് മൽസ്യഉൽപ്പാദനം വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യവും ഈ മേഖല മെച്ചപ്പെടുത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും കുറിച്ചും അദ്ദേഹം എടുത്തുപറഞ്ഞു. എസ് പി സിംഗ്, ഡയറക്ടർ & ഗ്രൂപ്പ് ഹെഡ്, എൻ പി സി , എസ് സുനിൽ കുമാർ. സിംഗ്, ഡയറക്ടർ, എൻ പി സി , മഹേഷ് എസ്, ജോയിന്റ് ഡയറക്ടർ, സെൻട്രൽ സോൺ, എറണാകുളം, കേരള ഫിഷറീസ് ഡിപ്പാർട്മെന്റ്, ഗവ. കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ ചെയർമാൻ ഡോ. ജോർജ് സ്ലീബയും, ഐസിഎആർ സിഫ്റ്റിനെ പ്രതിനിധീകരിച്ച് ഫിഷിംഗ് ടെക്നോളജി വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റും മേധാവിയുമായ ഡോ.എം.പി.രമേശൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു. വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ന്യൂഡൽഹിയിലെ നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ നേതൃത്വത്തിലാണ് നിർദിഷ്ട ശിൽപശാല സംഘടിപ്പിച്ചത്. ഉത്തർപ്രദേശ്, കേരളം, ഒഡീഷ എന്നീ മൂന്ന് സംസ്ഥാനങ്ങളിലായി ഈ മേഖലയിൽ നടത്തിയ സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കർഷകരുമായി സംവദിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ബന്ധപ്പെട്ടവരിൽ നിന്ന് അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനും ഈ മേഖലയിൽ റീ സർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റംസ് അക്വാകൾച്ചർ രീതികളിൽ ബയോഫ്ലോക് ടെക്നോളജി എന്നിവയുടെ പ്രാധാന്യം വിലയിരുത്താനും വേണ്ടിയാണ് നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ ഏകദിന ശിൽപശാല നടത്തിയത്. ശിൽപശാലയുടെ ഭാഗമായി ഫിഷറീസ് മേഖലയിലെ പൊതു വിഷയങ്ങളിൽ പരസ്പരം സഹകരിക്കുന്നത് സംബന്ധിച്ച് ഐസിഎആർസെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും (സിഐഎഫ്ടി) നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിലും (എൻപിസി) തമ്മിൽ ധാരണാപത്രവും ഒപ്പുവെച്ചു . ഏകദേശം 200ഓളം മത്സ്യകർഷകർ, മത്സ്യത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മത്സ്യസംരംഭകർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ ശിൽപശാലയിൽ പങ്കെടുത്തു.

# അവാർഡ് തിളക്കത്തിൽ കൊച്ചിൻ ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റി




കേരളത്തിലെ ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റീസ് ഓഫ് ഇന്ത്യ (ഫോഗ്സി) സൊസൈറ്റികൾക്കു വേണ്ടി കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി ഏർപ്പെടുത്തിയ മികച്ച സൊസൈറ്റിക്കുള്ള അവാർഡ് കൊച്ചിൻ ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജിക്കൽ സൊസെെറ്റി സെക്രട്ടറി ഡോ.ഫെസി ലൂയിസ്, സയന്റിഫിക്ക് ചെയർപേഴ്സൺ ഡോ.രാധമണി മറ്റു ഭാരവാഹികൾ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു

**കൊച്ചി:** കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി കേരളത്തിലെ ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി ക്കൽ സൊസൈറ്റീസ് ഓഫ് ഇന്ത്യ (ഫോഗ്സി) സൊസൈറ്റികൾക്കു വേണ്ടി ഏർപ്പെടുത്തിയ മികച്ച സൊസൈറ്റിക്കുള്ള അവാർഡ് കൊച്ചിൻ ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റി കരസ്ഥമാക്കി. തിരുവല്ലയിൽ നടന്ന സൊസൈറ്റിയുടെ സംസ്ഥാന സമ്മേളനത്തിൽ കൊച്ചിൻ ബ്രാഞ്ച് ഭാരവാഹികളായ സെക്രട്ടറി ഡോ. ഫെസി ലൂയിസ്, സയന്റിഫിക്ക് ചെയർപേഴ്സൺ ഡോ.രാധമണി മറ്റു ഭാരവാഹികൾ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

# തൃപ്പൂണിത്തുറ അപകടം: രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കും



**കൊച്ചി:** തൃപ്പൂണിത്തുറ പടക്ക സംഭരണശാലയിലെ തീപിടിത്തവുമായി ബന്ധപ്പെട്ട അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഫോർട്ട് കൊച്ചി സബ് കളക്ടർ കെ.മീര പറഞ്ഞു. മജിസ്റ്റീരിയൽ അന്വേഷണത്തിന്റെ ഭാഗമായി അപകട സ്ഥലം സന്ദർശിച്ച ശേഷം സംസാരിക്കുക യായിരുന്നു സബ് കളക്ടർ. ബന്ധപ്പെട്ട രേഖകളും മൊഴികളും പരിശോധിച്ച് രണ്ടാഴ്ചയ്ക്കകം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കും. അപകടത്തെ തുടർന്ന് നാശനഷ്ടം സംഭവിച്ച വീടുകൾ സബ് കളക്ടർ സന്ദർശിച്ചു. ബലക്ഷയം സംഭവിച്ച കെട്ടിടങ്ങളെ സംബന്ധിച്ച് എൻജിനീയറിങ് വിഭാഗത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആവശ്യമെങ്കിൽ ഇത്തരം കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനു നടപടി സ്വീകരിക്കുമെന്നും സബ് കളക്ടർ പറഞ്ഞു.കണയന്നൂർ തഹസിൽദാർ ബിനു സെബാസ്റ്റ്യൻ, ഫോർട്ട് കൊച്ചി ആർ ഡി ഓഫീസ് സീനിയർ സൂപ്രണ്ട് വി വി ജയേഷ് , പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സബ് കളക്ടർക്കൊപ്പം ഉണ്ടായിരുന്നു.

# സൗത്ത് ഇന്ത്യൻ ബാങ്കിന് മികച്ച ടെക്നോളജി ബാങ്ക് പുരസ്കാരം




**കൊച്ചി:** ഫെബ്രുവരി 15, 2024: ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ ഈ വർഷത്തെ ഏറ്റവും മികച്ച ടെക്നോളജി ബാങ്ക് അംഗീകാരം സൗത്ത് ഇന്ത്യൻ ബാങ്കിന് (എസ്ഐബി) ലഭിച്ചു. 19ാമത് ഐബിഎ വാർഷിക ബാങ്കിങ് ടെക്നോളജി കോൺഫറൻസ്, എക്സ്പോ & സൈറ്റേഷനിൽ ഇതുൾപ്പെടെ ആറ് പുരസ്കാര ങ്ങളാണ് എസ്ഐബി സ്വന്തമാക്കിയത്. മുംബൈയിൽ നടന്ന ചടങ്ങിൽ റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ ടി. രബി ശങ്കറിൽ നിന്നും സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി.ആർ. ശേഷാദ്രി പുരസ്കാരങ്ങൾ സ്വീകരിച്ചു. എസ്ഐബി ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു. ടെക്നോളജി, ടെക്ക് ടാലന്റ് & ഓർഗനൈസേഷൻ, ഐടി റിസ്ക് & മാനേജ്മെന്റ് എന്നീ മൂന്ന് വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവും, ഫിനാൻഷ്യൽ ഇൻക്ലൂഷൻ വിഭാഗത്തിൽ രണ്ടാം സ്ഥാനവും, ഡിജിറ്റൽ സെയിൽസ്, പേമെന്റ് & എൻഗേജ്മെന്റ്, ഫിൻടെക്ക് & ഡിപിഐ അഡോപ്ഷൻ എന്നീ വിഭാഗങ്ങളിൽ പ്രത്യേക പരാമർശവും നേടി.'ഐബിഎ ബാങ്കിംഗ് ടെക്നോളജി കോൺഫറൻസ്, എക്സ്പോ & സൈറ്റേഷനിൽ സൗത്ത് ഇന്ത്യൻ ബാങ്കിന് തുടർച്ചയായി ലഭിക്കുന്ന പുരസ്കാരങ്ങൾ ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന ബാങ്കിങ് ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഞങ്ങളുടെ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കുമുള്ള അംഗീകാരമാണ്. ഈ പുരസ്കാരങ്ങൾ ഞങ്ങൾക്ക് പ്രചോദനവും സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തനക്ഷമ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോത്സാഹനവുമാണ്,' പി.ആർ. ശേഷാദ്രി പറഞ്ഞു.ബോംബെ ഐഐടിയിലെ പ്രൊഫസർ എമിരറ്റസ്, ഡോ. ദീപക് ബി. പതക് ആയിരുന്നു പുരസ്കാര നിർണയ സമിതി അധ്യക്ഷൻ. ഐബിഎ ചെയർമാനും പിഎൻബി മേധാവിയുമായ എ.കെ. ഗോയൽ, ഐബിഎ ചീഫ് എക്സിക്യൂട്ടീവ് സുനിൽ മേത്ത തുടങ്ങി ബാങ്കിങ് രംഗത്തെ പ്രമുഖർ പങ്കെടുത്തു.

# ഓട്ടോണമസ് പദവി നേടി സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി

**കോഴിക്കോട്:** സാഫി ഇൻസ്റ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി , യു.ജി.സിയുടെ ( യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ ) ഓട്ടോണമസ് (സ്വയംഭരണം) പദവി കൈവരിച്ചതായി സ്ഥാപന ചെയർമാൻ ഡോ. ആസാദ് മൂപ്പൻ അറിയിച്ചു.രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാര നിർണയ ഏജൻസിയായ നാഷണൽ അസസ്മെൻറ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിൻറെ (നാക്) ഏറ്റവും ഉയർന്ന അംഗീകരമായ എ പ്ലസ് പ്ലസ് ഗ്രേഡ് നേടി സാഫി കഴിഞ്ഞ വർഷം അഭിമാന നേട്ടത്തിന് അർഹമായിരുന്നു. ഇതിനു പിന്നാലെയാണ് കോളജിനെ തേടി ഓട്ടോണമസ് പദവിയും എത്തുന്നത്. ഇന്ത്യയിൽ ആദ്യ ഘട്ടത്തിൽ തന്നെ നാകിൻറെ എ .പ്ലസ്. പ്ലസ് ഗ്രേഡ് ലഭിച്ച ആദ്യ ആർട്സ് ആൻഡ് സയൻസ് സ്ഥാപനമാണ് സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി.സാഫി ഇൻസ്റ്റിറ്റ്യൂട്ട് , ഇതിനോടകം തന്നെ മലേഷ്യയിലെ ലിങ്കൺ യൂണിവേഴ്സിറ്റിയുമായി ഗവേഷണപ്രവർത്തനങ്ങൾക്കുള്ള (ജവ.ഉ) ധാരണാ പത്രം ഒപ്പു വയ്ക്കുകയും ഗവേഷണകേന്ദ്രമായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ചകഞഎൽ (നാഷണൽ ഇന്സ്ടിട്യൂഷണൽ റാങ്കിങ് ഫ്രെയിം വർക്കിൽ ) കഴിഞ്ഞ മൂന്നു വർഷമായി സാഫി പങ്കെടുക്കുന്നു. കൂടുതൽ വിദേശ യൂണിവേഴ്സിറ്റികളുമായി സാഫി ഇൻസ്റ്റിറ്റ്യൂട്ടിനെ ലിങ്ക് ചെയ്ത് ആധുനിക ഗവേഷണ മേഖലയിൽ മാതൃക സ്ഥാപനമാക്കി മാറ്റിയെടുക്കുമെന്നും ഡോ. ആസാദ് മൂപ്പൻ അറിയിച്ചു.കഴിഞ്ഞ 6 വർഷ കാലമായി പഠന ഗവേഷണ മേഖലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വിവിധ റാങ്കുകൾ തുടർച്ചയായി സാഫി ഇൻസ്റ്റിറ്റ്യൂട്ട് കരസ്ഥമാക്കാറുണ്ട്. വിദ്യാർത്ഥികൾക്കായി രാജ്യാന്തര നിലവാരമുള്ള സൗകര്യങ്ങളാണ് സാഫി ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരുക്കിയിരിക്കുന്നത്.വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് ഫൌണ്ടേഷൻ കോഴ്സ്, സ്റ്റുഡന്റ് സപ്പോർട്ട്, സ്കോളർഷിപ്പ്, ദത്തുഗ്രാമത്തിലെ കൃഷി പാഠങ്ങൾ, പഠന പാഠ്യേതര പരിഷ്കാരങ്ങൾ, തൊഴിൽ



രഹിതരായ പ്രവാസികൾക്കായി ഒരുക്കുന്ന റിഹാബിലിറ്റേഷൻ പദ്ധതികൾ, ഹ്യൂമൻ റിസോഴ്സ് സെന്റർ, സയൻസ് റിസർച്ച് സെന്റർ, ലീഡേഴ്സ് അക്കാദമി,നാഷണൽ പ്ലൈസ്മെന്റ് ഡ്രൈവ് സെല്ലുകൾ, അലുംനി കെയർ എന്നീ മേഖലകളിൽ അഭിമാനകരമായ നിരവധി നേട്ടങ്ങൾ കൈവരിച്ച് മലബാറിൽ മികവിന്റെ കേന്ദ്രമായാണ് സാഫി ഇന്നറിയപ്പെടുന്നത്. സിനിമ ഉൾപ്പെടെ വിവിധ കലാകായിക മേഖലയിൽ ദേശീയ, സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കിയ 'ഒസ്റാ' പൂർവ വിദ്യാർത്ഥി കൂട്ടായ്മ സാഫിയുടെ കരുത്താണെന്നും അദ്ദേഹം പറഞ്ഞു.ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവിൻറെ കേന്ദ്രമാക്കി ഉയർത്തുവാനുള്ള പരിശ്രമത്തിൽ മാനേജ്മെൻറ്, ബെനുഫാക്ടർസ്, അധ്യാപക അനധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്ഥാപന അധികാരികൾ എന്നിവരുടെ സഹകരണം വലിയ പങ്കാണ് വഹിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനം, പഠന മേഖലയിലെ സാങ്കേതിക നൈപുണ്യ വികസനം , ഗവേഷണ പദ്ധതികൾ തുടങ്ങിയ മേഖലകൾക്ക് മാനേജ്മെൻറ് ഇനി പ്രത്യേക പരിഗണന നൽകുമെന്ന് സാഫി ട്രാൻസ്ഫർമേഷൻ കമ്മിറ്റി പ്രസിഡന്റ് സി. എച്ച്.അബ്ദുൽ റഹീം അഭിപ്രായപ്പെട്ടു.

# രോഗ നിർണയം:10 റീഏജന്റുകൾ പുറത്തിറക്കി ലോർഡ്സ് മെഡ്

**കൊച്ചി:** ലബോറട്ടറി പരിശോധനകളിൽ കൃത്യതയോടെ രോഗ നിർണയം നടത്താൻ കഴിയുമെന്ന് അവകാശപ്പെട്ട് ലോർഡ്സ് മെഡ് പുതിയ പത്ത് റീഎജന്റുകൾ പുറത്തിറക്കി. ട്രൈഗ്ലിസറെഡുകൾ, യൂറിക് ആസിഡ്, ആൽക്കലൈൻ ഫോസ്ഫേറ്റ്, ബിലിറൂബിൻ, കാൽസ്യം, ക്രിയാറ്റിനിൻ, ഗ്ലൂക്കോസ്, എസ് ജി ഒ ടി, എസ് ജി പി ടി, എ എൽ ടി, ടോട്ടൽ പ്രോട്ടിൻ എന്നീ പരിശോധനകൾക്കുള്ള ഈ റീഎജന്റുകൾക്ക് രു വർഷത്തെ ഉപയോഗ കാലാവധിയുന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ലോർഡ്സ് മാർക് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ആരോഗ്യ പരിപാലന വിഭാഗമായ ലോർഡ്സ് മെഡ് പുറത്തിറക്കിയ ആഗോള നിലവാരത്തിലുള്ള റീഏജന്റുകൾ വ്യവസായത്തിന്റെ മുഖഛായ മാറ്റുന്നതായിരിക്കുമെന്ന് ലോർഡ്സ് മാർക് ഇൻഡസ്ട്രസ് എംഡിയും സിഇഒയുമായ സച്ചിദാനന്ദ് ഉപാധ്യായ് പറഞ്ഞു. ലോർഡ്സ് മെഡിന്റെ മഹാരാഷ്ട്രയിലെ വസായിലുള്ള ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന റീഎജന്റുകൾ കമ്പനിയുടെ സ്വന്തം പതോളജി ലാബുകളിലും 300 ഡീലർമാരിലൂടെ വിവിധ പതോളജി ലാബുകളിലും ആശുപത്രികൾളിലും, ഗവേഷണ സ്ഥാപനങ്ങളിലും വിതരണം ചെയ്യും. പ്രധാന ആഗോള വിപണികളിലേക്ക് കയറ്റുമതി ചെയ്യാനും കമ്പനിക്കു പദ്ധതിയു്. രോഗ നിർണയത്തിൽ പ്രധാന പങ്കു വഹിക്കുന്ന ഈ റീഎജന്റുകൾക്ക് ഇന്ത്യൻ പേറ്റന്റിനായി കമ്പനി അപേക്ഷിച്ചിട്ടുന്നെ് സച്ചിദാനന്ദ് ഉപാധ്യായ് അറിയിച്ചു.ലോക നിലവാരമുള്ള ഉൽപന്നങ്ങളുാക്കുന്നതിന് മുബൈ ഐഐടി, ഭാഭാ ആറ്റോമിക് റിസർച്ച് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുമായി ലോർഡ്സ് മാർക് ഇൻഡസ്ട്രീസ് സാങ്കേതിക കരാറുാക്കിയിട്ടു്. അരിവാൾ രോഗം, വദനാർബ്ബുദം, ക്ഷയം തുടങ്ങിയ രോഗങ്ങളുടെ നിർണയത്തിനു സഹായിക്കുന്ന ചെലവു കുറഞ്ഞ റീ ഏജന്റുകൾ കത്തൊനുള്ള ശ്രമത്തിലാണ് കമ്പനിയെന്നും അദ്ദേഹം വ്യക്തമാക്കി.

# വിവിധ തസ്തികകളിൽ നിയമനം

**കൊച്ചി:**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വർക്കിംഗ് വുമൺസ് ഹോസ്റ്റലിൽ വിവിധ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് യോഗ്യരായവരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷയിൽ തസ്തികയും പ്രതീക്ഷിക്കുന്ന ശമ്പളവും സൂചിപ്പിക്കേതാണ്. അപേക്ഷകൾ സവെയലസാറി@ഴാമശഹ.രീാ എന്ന മെയിൽ ഐഡിയിലേക്ക് ഇമെയിൽ ആയും അയക്കാവുന്നതാണ്. ഇമെയിൽ അയക്കുമ്പോൾ സബ്ജക്ട് ലൈനിൽ അപേക്ഷിക്കുന്ന തസ്തികയുടെ പേര് സൂചിപ്പിക്കേതാണ്. വനിതാ സ്വീപ്പർ (1 ഒഴിവ്), പാചകക്കാരി (2 ഒഴിവുകൾ) എന്നീ തസ്തികയിലാണ് ഒഴിവുകൾ. കൂടുതൽ വിവരങ്ങൾക്ക് 0484 2369059 എന്ന നമ്പറിലോ ബോട്ട് ജെട്ടിക്ക് സമീപമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രവർത്തി സമയങ്ങളിലോ ബന്ധപ്പെടാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയതി 2024 ഫെബ്രുവരി 23.

# ചാർട്ടേഡ് അക്കൗന്റ് നിയമനം

**കൊച്ചി:** എറണാകുളം ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ ഓഫീസുകളുടെ 202324 സാമ്പത്തിക വർഷത്തെ വാർഷിക വരവ് ചെലവ് കണക്കുകൾ, എം.ഐ.എസ് (മാനേജ്മന്റ് ഇൻഫർമേഷൻ സിസ്റ്റം) പ്രകാരവുമുള്ള വരവ് ചെലവ് കണക്കുകൾ എന്നിവ ഓഡിറ്റ് നടത്തുന്നതിനായി നിയമാനുസൃത യോഗ്യതയും പരിചയവും ഉള്ള ചാർട്ടേഡ് അക്കൗണ്ടുമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റ് ചെയ്ത് പരിചയമുള്ളവർക്ക് മുൻഗണന. അപേക്ഷകൾ നേരിട്ടോ തപാൽ മുഖാന്തിരമോ ജോയിന്റ് പ്രോഗ്രാം കോഓഡിനേറ്റർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സിവിൽ സ്റ്റേഷൻ, മൂന്നാംനില, കാക്കനാട്, എറണാകുളം682030 എന്ന വിലാസത്തിൽ നൽകേതാണ്. അപേക്ഷ ലഭിക്കേ അവസാന തീയതി ഫെബ്രുവരി 23. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04842421355.

# അഡ്വ. എൽസി ജോർജ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ അഡ്വ. എൽസി ജോർജിന് വിജയം. വരണാധികാരിയും ജില്ലാ കളക്ടറുമായ എൻ.എസ്.കെ ഉമേഷിന്റെ സാന്നിധ്യത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. ആകെ പോൾ ചെയ്ത 25 വോട്ടുകളിൽ 16 വോട്ടുകൾ എൽസി ജോർജ് കരസ്ഥമാക്കി. എതിർസ്ഥാനാർത്ഥിയായ ശാരദ മോഹനു ഒൻപതു വോട്ടുകൾ ലഭിച്ചു.തിരഞ്ഞെടുപ്പിനു ശേഷം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് സത്യവാചകം ചൊല്ലിക്കൊ!ടുത്തു. ജില്ലാ പഞ്ചായത്തിലെ വല്ലാർപാടം വാർഡിലെ ജനപ്രതിനിധിയാണ് എൽസി ജോർജ്.



ഗോവയിൽ നടന്ന ആറാമത് നാഷണൽ മാസ്റ്റേഴ്സ് ഗെയിംസിൽ മുപ്പത് വയസ്സിന് മുകളിലുള്ളവരുടെ ലോൺ ടെന്നീസ് വിഭാഗത്തിൽ കേരളത്തെ പ്രതിനീധീകരിച്ച് ചാമ്പ്യൻമാരായ ഷിനു ഗോപാലും ഷെരീഫ് റഹ്മാനും

# ഡിപി വേൾഡിനു പ്ലാറ്റിനം സർട്ടിഫിക്കേഷൻ

**കൊച്ചി:** ഡിപി വേൾഡിനു ദി ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിലി(ഐജിബിസി)ന്റെ പ്ലാറ്റിനം സർട്ടിഫിക്കേഷൻ. നവ ഷെവ ബിസിനസ് പാർക്കിനാണ് (എൻഎസ്ബിപി) ബഹുമതി. അന്താരാഷ്ട്ര നിലവാരാനുസൃതമായ ഹരിത രൂപകൽപന, നിർമ്മാണം, ഓപ്പറേഷൻസ് എന്നിവ കണക്കിലെടുത്താണ് പ്ലാറ്റിനം സർട്ടിഫിക്കേഷൻ നൽകുന്നത്.ഐജിബിസി ലോജിസ്റ്റിക്സ് പാർക്ക്സ് ആൻഡ് വെയർഹൗസിംഗ് റേറ്റിങ് സമ്പ്രദായത്തിന് കീഴിൽ പ്ലാറ്റിനം സർട്ടിഫിക്കേഷൻ കരസ്ഥമാക്കുന്ന രാജ്യത്തെ ഫ്രീ ട്രേഡ് വെയർഹൗസിംഗ് മേഖലയിലെ ആദ്യ സംരംഭമാണ് എൻഎസ്ബിപി. തന്ത്രസമീപനത്തോടെ തുറമുഖത്തിന് സമീപം നിലകൊള്ളുന്ന എൻഎസ്ബിപി ഇന്ത്യൻ വിപണി ആഗോളതലത്തിൽ വിനിയോഗിക്കുന്നതിനു യോജിച്ച വിധത്തിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഹരിത ബിൽഡിംഗ് സർട്ടിഫിക്കേഷൻ നിബന്ധനകൾക്കും ആഗോള മാനദണ്ഡങ്ങൾക്കും അനുസൃമായാണ് 20ലക്ഷം ചതുരശ്ര അടിയിലായി എൻഎസ്ബിപി നിലകൊള്ളുന്നത്.ഐജിബിസി പ്ലാറ്റിനം സർട്ടിഫിക്കറ്റ് നേട്ടം നവ ഷെവ ബിസിനസ് പാർക്കിന്റെ ജൈത്രയാത്രയിൽ സുപ്രധാന നാഴികക്കല്ലാണെന്നു ഉപഭൂഖണ്ഡ, വടക്കേ ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, എക്കണോമിക് സോൺസ് വൈസ് പ്രസിഡന്റ്



രഞ്ജിത് റേ പറഞ്ഞു. 'ഭൂമിക്കും ഉപഭോക്താക്കൾക്കും ഗുണകരമായ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ പുലർത്തുന്ന പ്രതിബദ്ധത സാക്ഷ്യപ്പെടുത്തുന്നതാണ് പ്ലാറ്റിനം സർട്ടിഫിക്കറ്റ്. നിലവാരമുള്ള, സുസ്ഥിര സേവനങ്ങൾ നൽകിക്കൊണ്ട് ഉപഭോക്താക്കൾക്ക് പരമപ്രധാന സ്ഥാനമാണ് നൽകുന്നത്.'

# നിസാനും അക്ഷയപാത്ര ഫൗണ്ടേഷനും ചേർന്ന് സ്കൂൾ ഭക്ഷണ പരിപാടിയൊരുക്കി



**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും അക്ഷയപാത്ര ഫൗണ്ടേഷനും ചേർന്ന് മുന്നൂറിലേറെ സ്കൂളുകളിലെ 49000 ലേറെ വിദ്യാർത്ഥികൾക്ക് ഭക്ഷണം വിതരണം ചെയ്തു. ന്യൂഡൽഹിയിലെ കേന്ദ്ര, സംസ്ഥാന സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം തേടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ഭക്ഷണം ലഭ്യമാക്കിയത്. രാജ്യത്തിന് ആരോഗ്യകരമായ ഭാവി ഒരുക്കുന്നതിൽ പുലർത്തുന്ന പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതാണ് പങ്കാളിത്ത സംരംഭമെന്നു നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാകേഷ് ശ്രീവാസ്തവ പറഞ്ഞു. പോഷകാഹാരം ലഭ്യമാക്കി യുവതലമുറയെ ശാക്തീകരിക്കുന്നതാണ് സ്കൂൾ ഭക്ഷണ പരിപാടി. അണുബാധകൾക്കെതിരെ പ്രതിരോധശേഷി ശക്തിപ്പെടുത്തുകയും വിളർച്ചാവ്യാപനം കുറയ്ക്കുകയും ചെയ്തുകൊണ്ട് കുട്ടികളുടെ മൊത്തത്തിലുള്ള ക്ഷേമം മെച്ചപ്പെടുത്താൻ കഴിഞ്ഞു.

# ടിഡാക്ക്: നറുക്കെടുപ്പിലെ വിജയികളെ പ്രഖ്യാപിച്ചു




**കൊച്ചി:** ടയർ ഡീലേഴ്സ് ആൻറ് അലൈൻമെൻറ് അസോസിയേഷൻ കേരള (ടിഡാക്ക്) പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച അലൈൻ ആന്റ് വിൻ 2.0 കോൺടസ്റ്റിലെ വിജയികളെ കൊച്ചിയിൽ പ്രഖ്യാപിച്ചു.വിജയൻ, ബോബൻ, അർഷിദ് ഡി, സുനിത എന്നിവർക്കാണ് സിഫ്റ്റ് കാറുകൾ ലഭിച്ചത്.14 സ്കൂട്ടറുകൾ ലഭിച്ചവരുടെ പേരുകളും പ്രഖ്യാപിച്ചു.എറണാകുളം നോർത്തിലെ കോറൽ ഐൽ ഹോട്ടലിൽ നടന്ന സമ്മേളനത്തിലായിരുന്നു നറുക്കെടുപ്പ് നടന്നത്.സംസ്ഥാനത്തെ അസോസിയേഷൻ അംഗങ്ങളുടെ പ്രതിനിധികളായി എത്തുന്ന ജില്ലാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ പൊതുജനങ്ങൾക്കായി ലൈവ് ടെലികാസ്റ്റിംഗ് സൗകര്യം ഒരുക്കിയാണ് വിജയികളെ പ്രഖ്യാപിച്ചതെന്ന് ടിഡാക്ക് സംസ്ഥാന പ്രസിഡൻറ് അസി തോമസ്, ജനറൽ സെക്രട്ടറി ഹരികൃഷ്ണൻ കാപ്പിള്ളിൽ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അംഗങ്ങളുടെ ഷോപ്പിൽ നിന്നും വീൽ അലൈൻമെൻറ് ചെയ്യുമ്പോഴും ടയർ മാറ്റിവെയ്ക്കുമ്പോഴും കസ്റ്റമേഴ്സിന് നൽകുന്ന സൗജന്യ കൂപ്പണിൽ നിന്നാണ് നറുക്കെടുപ്പ് നടത്തിയത്.കേരളത്തിൽ ടയർ ഡീലേഴ്സ് വീൽ അലൈൻമെൻറ് മേഖലയിൽ ആറ് വർഷത്തോളമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടനയാണ് ടയർ ഡീലേഴ്സ് ആൻറ് അലൈൻമെൻറ് അസോസിയേഷൻ കേരള (ടിഡാക്ക്). അസോസിയേഷൻ ട്രഷറർ മുഹമ്മദ് റാഫി, സംസ്ഥാന വൈസ് പ്രസിഡന്റ് മാരായ നൗഷാദ് ടിസി, ശിവകുമാർ പാവളം, സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ ഷാജി മുഹമ്മദ്, മുജീബ് റഹ്മാൻ എന്നിവരും വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

# വീട് പുനർനിർമ്മാണം: ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു



**കൊച്ചി:** ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഫിഷറീസ് കോളനികളിലെ അതീവ ശോചനീയാവസ്ഥയിലുള്ള വീടുകളുടെ പുനർ നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു വീടിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുക.ഫിഷർമെൻ കോളനിയിലെ താമസക്കാരൻ ആയിരിക്കണം, നിലവിൽ വേലിയേറ്റരേഖയിൽ നിന്നും 50 മീറ്ററിനു പുറത്തും സി.ആർ.ഇസഡ് നോട്ടിഫിക്കേഷൻ പ്രകാരം ഭവന നിർമ്മാണത്തിന് അനുവദനീയ മേഖലയിൽ ആയിരിക്കണം, ഗുണഭോക്താവ് രജിസ്ട്രേഡ് മത്സ്യത്തൊഴിലാളിയും എഫ്.ഐ.എം.എസ് ഐ.ഡി നമ്പർ ഉള്ള വ്യക്തിയും ആയിരിക്കണം. പെൻഷൻ ആയവരെ പരിഗണിക്കും. ഗുണഭോക്താവിന് വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഉായിരിക്കണം, ലൈഫ് ഭവന പദ്ധതി വഴിയോ, സർക്കാരിന്റെ മറ്റേതെങ്കിലും ഭവന പുനരുദ്ധാരണ/ പുനർനിർമ്മാണ പദ്ധതി വഴിയോ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിച്ചവരെ പരിഗണിക്കുന്നതല്ല, ഇരട്ട വീടുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും എന്നിവയാണ് അർഹതാ മാനദണ്ഡങ്ങൾ.അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസുകളിൽ 2024 ഫെബ്രുവരി 24ന് മുൻപായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04842394476

# മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടി: ജില്ലയിൽ ഫെബ്രുവരി 22നും മാർച്ച് മൂന്നിനും

**കൊച്ചി:** നവകേരള സദസ്സിന് തുടർച്ചയായി വിവിധ മേഖലയിലുള്ളവരുമായി മുഖ്യമന്ത്രി സംവദിക്കുന്ന മുഖാമുഖം പരിപാടി ജില്ലയിൽ ഫെബ്രുവരി 22, മാർച്ച് 3 തീയതികളിൽ നടക്കും.ഫെബ്രുവരി 22ന് നെടുമ്പാശ്ശേരി സിയാൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന പരിപാടിയിൽ സംസ്ഥാനത്തെ വിവിധ മേഖലകളിലെ സ്ത്രീകളുമായി മുഖ്യമന്ത്രി സംവദിക്കും. നവകേരള സ്ത്രീ സദസ്സ് എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ 2500 വനിതകൾ പങ്കെടുക്കും. മാർച്ച് മൂന്നിന് എറണാകുളം കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളുമായി മുഖ്യമന്ത്രി സംവദിക്കും. രണ്ടായിരത്തിലധികം പേർ പരിപാടിയിൽ പങ്കെടുക്കും.രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒന്നു വരെയുള്ള പരിപാടിയിൽ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയങ്ങൾ അറിയിക്കാം. നേരിട്ട് സംവദിക്കാൻ കഴിയാത്തവർക്ക് അഭിപ്രായങ്ങൾ എഴുതി നൽകാനും അവസരം ഉണ്ടായിരിക്കും. മുന്നൊരുക്കങ്ങളുടെ ഭാഗമായി രണ്ട് പരിപാടികളുടെയും സംഘാടകസമിതി രൂപീകരണം പൂർത്തിയായി. ഫെബ്രുവരി 18 ന് കോഴിക്കോട് ജില്ലയിൽ നിന്നാണ് മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിക്ക് തുടക്കമാവുന്നത്. മാർച്ച് മൂന്നു വരെ നടക്കുന്ന പരിപാടിയിൽ വിദ്യാർത്ഥികൾ, യുവജനങ്ങൾ, സ്ത്രീകൾ, ആദിവാസി ദളിത് വിഭാഗം, സാംസ്കാരിക പ്രവർത്തകർ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, തൊഴിൽ മേഖലയിലുള്ളവർ, കാർഷിക മേഖലയിലുള്ളവർ , റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി സംസ്ഥാനത്തെ വിവിധ മേഖലയിലുള്ളവരുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കും.

# മുത്തൂറ്റ് ഫിനാൻസിന് 3,285 കോടി രൂപയുടെ സംയോജിത അറ്റാദായം

**കൊച്ചി:** ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ മുത്തൂറ്റ് ഫിനാൻസ് നടപ്പുസാമ്പത്തിക വർഷം 2023 ഡിസംബർ 31ന് അവസാനിച്ച 9 മാസം കൊണ്ട് 3,285 കോടി രൂപയുടെ സംയോജിത അറ്റാദായം നേടി. മുൻവർഷം ഇതേ കാലയളവിൽ 2,661 കോടി രൂപയായിരുന്നു അറ്റാദായം. 23 ശതമാനമാണ് വർധന.

അതേസമയം നടപ്പുസാമ്പത്തിക വർഷത്തിലെ മൂന്നാം ത്രൈമാസം 23 ശതമാനം വർധനയോടെ 1,145 കോടി രൂപയുടെ സംയോജിത അറ്റാദായമാണ് കമ്പനി നേടിയത്. മുൻ വർഷം ഇതേകാലയളവിൽ 934 കോടി രൂപയായിരുന്നു.ഒൻപത് മാസത്തെ മുത്തൂറ്റ് ഫിനാൻസിന്റെ ഒറ്റയ്ക്കുള്ള അറ്റാദായം 16 ശതമാനം വർധിച്ച് 2,993 കോടി രൂപയിലെത്തി. നടപ്പുസാമ്പത്തിക വർഷത്തിലെ മൂന്നാം ത്രൈമാസത്തെ ഒറ്റയ്ക്കുള്ള അറ്റാദായം 14 ശതമാനം വർധിച്ച് 1,027 കോടി രൂപയാണ്.ലോൺ ആസ്തിയിൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വാർഷിക വളർച്ചയാണ് നേടിയത്. 2023 ഡിസംബറിലെ കണക്കനുസരിച്ച് 23 ശതമാനം വർധിച്ച് 13,451 കോടി രൂപയിലെത്തി. സ്വർണവായ്പ ആസ്തിയിൽ 2023 ഡിസംബറിലെ കണക്കനുസരിച്ച് 22 ശതമാനം വർധനയോടെ 12,397 കോടി രൂപയുമായി. ഒൻപത് മാസം കൊണ്ട് 487 ശാഖകളാണ് കമ്പനി തുറന്നത്. കൂടാതെ 33ാമത് കടപത്ര വിൽപ്പനയിലൂടെ 480 കോടി രൂപയും സമാഹരിച്ചു.തങ്ങളുടെ സംയോജിത വായ്പാ ആസ്തികൾ 80,000 കോടി രൂപ, ഒറ്റയ്ക്കുള്ള വായ്പാ ആസ്തികൾ 70,000 കോടി രൂപ എന്ന നാഴികക്കല്ല് പിന്നിട്ടതായി മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ് ജേക്കബ് മുത്തൂറ്റ് പറഞ്ഞു.2023 ഡിസംബർ അവസാനത്തോടെ തങ്ങളുടെ മൊത്തത്തിലുള്ള ബ്രാഞ്ച് ശൃംഖലയെ 6,325 ആയി ഉയർത്തി, തങ്ങളുടെ സബ്സിഡിയറികളുൾപ്പെടെ മൂന്നാം ത്രൈമാസത്തിൽ 156 ശാഖകളാണ് കൂട്ടിച്ചേർത്തതെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.




# റെഡ്ബസ് ഒഎൻഡിസി മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ബുക്കിംഗ് തുടങ്ങുന്നു

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ ഓൺലൈൻ ബസ് ടിക്കറ്റിംഗ് പ്ലാറ്റ്ഫോമായ റെഡ്ബസ്, ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി ചേർന്നു വിവിധ നഗരങ്ങളിൽ തങ്ങളുടെ പ്ലാറ്റ്ഫോമിൽ മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ബുക്കിംഗ് സേവനങ്ങൾ തുടങ്ങുന്നു. യാത്രക്കാർക്ക് ആദ്യത്തേയും അവസാനത്തേയും മൈൽ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന ചുവടുവെപ്പ് നടത്തുന്ന റെഡ്ബസ്, ഒഎൻഡിസി നെറ്റ് വർക്കിലെ ആദ്യത്തെ സ്വതന്ത്ര മൊബിലിറ്റി ആപ്പ് കൂടിയാണ്. കൊച്ചിയിലെ ഏകദേശം 90,000 വരുന്ന പ്രതിദിന മെട്രോ ഉപഭോക്താക്കൾക്ക് സേവനം നൽകാൻ ലക്ഷ്യമിട്ടുള്ള ഈ പദ്ധതി വഴി, റെഡ്ബസ് ഉപയോക്താക്കൾക്ക് അതിന്റെ ആൻഡ്രോയിഡ് ആപ്പ് വഴി മെട്രോ ടിക്കറ്റുകൾ തടസ്സമില്ലാതെ ബുക്ക് ചെയ്യാൻ കഴിയുമെന്ന് റെഡ്ബസ് സിഇഒ പ്രകാശ് സംഗം പറഞ്ഞു.ഈ സംരംഭങ്ങളിലൂടെ, സമഗ്രമായ ഗ്രൗണ്ട് ട്രാൻസ്പോർട്ട് സൊല്യൂഷനുകൾ നൽകുന്നതിനും വിവിധ ഗതാഗത മാർഗ്ഗങ്ങൾ സംയോജിപ്പിച്ച് സിംഗിൾ സ്റ്റോപ്പ് പരിഹാരം കൊടുക്കുന്നതിനും റെഡ്ബസ് ലക്ഷ്യമിടുന്നു.ഒഎൻഡിസി ഇന്ത്യയിലെ ഒരു മൾട്ടിഫോഴ്സ് സംരംഭമാണ്. വൈവിധ്യമാർന്ന ചോയ്സുകൾ പ്രോത്സാഹിപ്പിക്കുന്നതു കൂടാതെ ഉപയോക്തൃ സൗകര്യം മെച്ചപ്പെടുത്തുന്നതിന് അവരുമായി പ്രവർത്തിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇകൊമേഴ്സ് ശൃംഖലയെ പരിവർത്തനം ചെയ്യുന്നതിനുള്ള ഒഎൻഡിസിയുടെ പ്രതിബദ്ധത റെഡ്ബസിന്റെ ഡിജിറ്റൽ ഇന്ത്യ എന്ന കാഴ്ചപ്പാടുമായി പരിധികളില്ലാതെ യോജിക്കുന്നു. ഒഎൻഡിസിയുമായി ചേർന്ന്, ഞങ്ങൾ മൊബിലിറ്റി സേവനങ്ങൾ കൂടാതെ ഞങ്ങളുടെ ഉപയോക്താക്കൾക്ക് വിശ്വസനീയമായ ആദ്യ, അവസാന മൈൽ യാത്രാ അനുഭവവും നൽകുന്നു, കൂടാതെ ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായും തിരഞ്ഞെടുപ്പിലും പുതിയ മാനദണ്ഡങ്ങൾ സജ്ജമാക്കുന്നുവെന്നും പ്രകാശ് സംഗം പറഞ്ഞു.

# തൊഴിലവസരങ്ങൾ : ബോധവത്കരണം നടത്തി

**തൃശൂർ :** കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ തൃശ്ശൂർ യൂണിറ്റും എളവള്ളി ഗ്രാമ പഞ്ചായത്തും ചേർന്ന് സംഘടിപ്പിക്കുന്ന കേന്ദ്ര ഗവൺമെൻറ് പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയായ 'ഗ്രാമോത്സവം' തൃശൂർ എളവള്ളി സാമ്പത്തികോദ്ധാരണ സംഘം ഹാളിൽ പുരോഗമിക്കുന്നു.രണ്ടാം ദിവസമായ വ്യാഴാഴ്ച 'സ്വയംതൊഴിൽ, സംരംഭ സാധ്യതകളും ഗവൺമെൻറ് പദ്ധതികളും' എന്ന വിഷയത്തിൽ കനറാ ബാങ്ക് ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം ഡയറക്ടർ കൃഷ്ണ മോഹൻ,'സായുധ സേനകളിലെ തൊഴിൽ സാധ്യതകൾ' എന്ന വിഷയത്തിൽ 24 കേരള എൻ.സി.സി ബറ്റാലിയൻമേജർ സ്റ്റൈജു



എന്നിവർ ക്ലാസ്സുകൾ നയിച്ചു.ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്, തപാൽ വകുപ്പിന്റെ നേതൃത്വത്തിൽ ആധാർ വിവരങ്ങൾ പുതുക്കുന്നതിനുള്ള സൗകര്യം, കേരള ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജീവിത ശൈലി രോഗനിർണയ ക്യാമ്പ്, കേന്ദ്ര സോങ്ങ് ആൻഡ് ഡ്രാമാ ഡിവിഷൻ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ എന്നിവ ഗ്രാമോത്സവത്തിന്റെ ഭാഗമായി നടന്നു.ബോധവൽക്കരണ പരിപാടി വെള്ളിയാഴ്ച്ച സമാപിക്കും.

# സി എം എ സ്റ്റുഡന്റ്സ് ഫെസ്റ്റ് പ്രഗതി 2024 അരങ്ങേറി



**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ കൊച്ചിൻ ചാപ്റ്ററിന്റെ വിദ്യാർഥി മീറ്റ് 'പ്രഗതി 2024' ബോൾഗാട്ടി ഇവന്റ് സെന്ററിൽ നടന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർഥികളും ഫാക്കൽറ്റി അംഗങ്ങളും സി എം എ അംഗങ്ങളും പങ്കെടുത്തു.കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർ സുനിൽ ചാക്കോ ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സിന്റെ സതേൺ ഇന്ത്യ റീജിയണൽ കൗൺസിൽ ചെയർപേഴ്സൺ ദിവ്യ അഭിഷേക് വിശിഷ്ടാതിഥിയായിരുന്നു.ഐ സി എം എ ഐ കൊച്ചിൻ ചാപ്റ്റർ ചെയർമാൻ തോമസ് ടി വി അധ്യക്ഷത വഹിച്ചു. മീന ജോർജ്, രഞ്ജിനി ആർ എന്നിവർ സംസാരിച്ചു.മീറ്റിൽ ബെസ്റ്റ് മാനേജർ, ബെസ്റ്റ് മാനേജ്മെന്റ് ടീം, ദി ഗ്രേറ്റ് ഡിബേറ്റ്, കോർപ്പറേറ്റ് വാക്ക്, ട്രഷർ ഹണ്ട്, ബ്രാൻഡ് റേസ്, ഫോട്ടോഗ്രാഫി, ക്വിസ്, ഫുട്ബോൾ, ഡാൻസ് എന്നിവ അരങ്ങേറി. പങ്കെടുത്തവർക്കുള്ള പരിപാടികൾ സാംസ്കാരിക അവതരണത്തോടെ സമാപിച്ചു.തിരുവനന്തപുരം ചാപ്റ്ററിനെ മികച്ച ചാപ്റ്ററായി തെരഞ്ഞെടുത്തു. റോളിംഗ് ട്രോഫി സമ്മാനിച്ചു.

# ബി.എം.ഡബ്ല്യു ഗ്രൂപ്പ് ഇന്ത്യ ജോയ് ടൗൺ രണ്ടാം പതിപ്പ്

**കൊച്ചി:**ബി.എം.ഡബ്ല്യുഗ്രൂപ്പ് ഇന്ത്യ തങ്ങളുടെ മ്യൂസിക് ആൻഡ് ഡ്രൈവിംഗ് ഫെസ്റ്റിവൽ ജോയ് ടൗൺ ന്റെ രണ്ടാം പതിപ്പ് അവതരിപ്പിക്കുന്നു. ഏപ്രിൽ 12,13 തീയതികളിൽ മുംബൈയിലെ മഹാലക്ഷ്മി റേസ്കോഴ്സിൽ നടക്കുന്ന രണ്ട് ദിവസത്തെ ഇമ്മേഴ്സീവ് ബ്രാൻഡ് എക്സ്പീരിയൻസ് ഫെസ്റ്റിവൽ മുംബൈയിലെ ബ്രാൻഡ് ആരാധകരെയും ആകർഷിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

# പരിശീലനം സംഘടിപ്പിച്ചു



**തിരുവനന്തപുരം :** ഉയർന്ന ഊർജക്ഷമത സൂചിപ്പിക്കുന്ന സ്റ്റാർ റേറ്റിങ്ങുള്ള ഗൃഹോപകരണങ്ങളെ കുറിച്ച് ഉപഭോക്താക്കളിൽ അവബോധമുണ്ടാക്കാനും അവയുടെ വില്പന ഉയർത്താനും ചെറുകിട കച്ചവടക്കാർക്ക് പരിശീലനം നൽകി വൈദ്യുതി എനർജി സർവീസസ്.എനർജി മാനേജ്മെന്റ് സെന്റർ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, കേരള ഇലക്ട്രിക്ക് ട്രേഡ്സ് അസോസിയേഷൻ എന്നിവർ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. തമ്പാനൂർ, മാഞ്ഞാലിക്കുളത്തുള്ള ക്ലാസിക് സരോവർ പോർട്ടിക്കോയിൽ നടന്ന പരിശീലന പരിപാടിയിൽ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ബോബൻ ഫെർണാണ്ടസ് മുഖ്യാതിഥിയായിരുന്നു.കേരള ഇലക്ട്രിക്കൽ ട്രേഡ്സ് അസോസിയേഷനിലെ തിരുവനന്തപുരം യൂണിറ്റിലെ അംഗങ്ങളാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തത്

# കണ്ടൽ പച്ചത്തുരുത്തുമായി ഹരിതകേരളം മിഷൻ

## ദക്ഷിണ റെയിൽവേയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്

**കൊച്ചി:** ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ നടത്തി വരുന്ന പച്ചത്തുരുത്തുകളിൽ ഇനി കണ്ടൽ പച്ചത്തുരുത്തും. ഹരിതകേരളം മിഷനും ദക്ഷിണ റെയിൽവേയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, വനംവകുപ്പ് എന്നിവരുടെ സഹകരണത്തോടെ എറണാകുളം മുതൽ തിരുവനന്തപുരം ജില്ലകളിൽ 33 പഞ്ചായത്തുകളിലാണ് കണ്ടൽ പച്ചത്തുരുത്തുകൾ യാഥാർഥ്യമാകുന്നത്. ഇതിന്റെ ഭാഗമായി 14 ഏക്കർ വിസ്തൃതിയിൽ 59 കിലോമീറ്റർ ദൂരം കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുമെന്ന് നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു. പദ്ധതി നടത്തിപ്പു സംബന്ധിച്ച് ഇന്ന് തിരുവനന്തപുരത്ത് നടന്ന ശിൽപശാലയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ഡോ. ടി.എൻ. സീമ.അവിടവിടെയായി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതോടൊപ്പം കൂട്ടത്തോടെ മരങ്ങൾ നട്ടാൽ പ്രയോജനം ഏറെയാണെന്ന് നിലവിലുള്ള പച്ചത്തുരുത്തുകൾ തെളിയിക്കുന്നതായി ഇതു സംബന്ധിച്ചുള്ള അവസ്ഥാ പഠനം പറയുന്നതായും ഡോ. ടി.എൻ. സീമ കൂട്ടിച്ചേർത്തു. എറണാകുളം ജില്ലയിൽ റെയിൽ പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി നഷ്ടപ്പെട്ട ഒരു ഹെക്ടറിൽ താഴെ വരുന്ന കണ്ടൽ പ്രദേശത്തിനു പകരം മറ്റ് സ്ഥലങ്ങളിൽ ഇത് പുനഃസ്ഥാപിക്കാൻ ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷനുമായി ചേർന്ന് കണ്ടൽ പച്ചത്തുരുത്തുകൾക്ക് തുടക്കമിടുന്നതെന്ന് ശിൽപശാലയിൽ സംസാരിച്ച ദക്ഷിണ റെയിൽവേ ലാന്റ് അക്വിസിഷൻ അസോസ്സിയേറ്റ് കെ.എസ്. പരീത് പറഞ്ഞു. കണ്ടൽ പച്ചത്തുരുത്തുകൾ തീർക്കുന്നതിലും തൈകൾക്ക് അഞ്ചുവർഷം വരെ പരിപാലനം ഉറപ്പാക്കാനും തൊഴിലുറപ്പു പദ്ധതിയുടെ സേവനം ലഭ്യമാക്കുമെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രോഗ്രാം ഓഫീസർ പി. ബാലചന്ദ്രൻ അറിയിച്ചു.  ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ടെക്നിക്കൽ ഓഫീസർ ഡോ. സന്തോഷ്, ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്ററായ എസ്. യു. സഞ്ജീവ്, പ്രോഗ്രാം ഓഫീസർ കൃഷ്ണകുമാർ, നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി. പി. സുധാകരൻ എന്നിവർ ശിൽപശാലയിൽ സംസാരിച്ചു. കണ്ടൽ ചെടികളിൽ പ്രാവീണ്യം നേടിയ പ്രായോഗിക വിദഗ്ധരും ശിൽപശാലയിൽ പങ്കെടുത്തു. വളരെയധികം വ്യത്യസ്ത കണ്ടൽ തൈകൾ പരിപാലിക്കുന്ന കണ്ടൽ ദിവാകരൻ പി. വി., കണ്ടൽ നട്ടുപിടിപ്പിക്കുന്നതിനായി ജീവിതത്തിൽ ഏറെ സമയം ചെലവിട്ട കല്ലൻ പൊക്കുടന്റെ മകനും കണ്ടൽ പ്രചരണത്തിൽ സജീവമായ ശ്രീജിത്ത് പൈതലൻ, കണ്ടൽച്ചെടി വ്യാപനത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന മുരുകേശൻ ടി.പി., വി. രവീന്ദ്രൻ, അജിത്കുമാർ, രഘുരാജ് എന്നവർ ശിൽപശാലയിൽ പങ്കെടുത്തു. അതതു പ്രദേശത്തെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ തൈകളാകണം പദ്ധതിക്കായി തിരഞ്ഞെടുക്കേണ്ടതെന്ന് വിദഗ്ധർ നിർദ്ദേശിച്ചു.

## ഇലെഡ്ജർ ആപ്ലിക്കേഷൻ ദീർഘിപ്പിച്ചു

**തിരുവനന്തപുരം:** സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലെ തുക വിനിയോഗവുമായി ബന്ധപ്പെട്ടു ധനവകുപ്പ് നടപ്പാക്കിയ ഇലക്ട്രോണിക്സ് ലെഡ്ജർ അക്കൗണ്ട് മോണിറ്ററിങ് സിസ്റ്റം (ഇലെഡ്ജർ) 2023-24 സാമ്പത്തിക വർഷത്തേക്കു ദീർഘിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് നേരത്തേ നൽകിയിട്ടുള്ള എല്ലാ മാർഗനിർദേശങ്ങളും ഈ സാമ്പത്തിക വർഷവും ബാധകമായിരിക്കുമെന്നും ഇതു സംബന്ധിച്ച ഉത്തരവിൽ പറയുന്നു.

## വാക്ക് ഇൻ ഇന്റർവ്യൂ 21ന്

**തിരുവനന്തപുരം:** തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ഒഴിവുള്ള ഗ്രാജുവേറ്റ് അപ്രന്റിസ് ട്രെയിനി (ലൈബ്രറി) നിയമനത്തിനുള്ള വാക്ക്ഇൻഇന്റർവ്യൂ ഫെബ്രുവരി 21നു രാവിലെ 10.30നു സി.ഡി.സിയിൽ നടത്തും. അംഗീകൃത സർവകലാശാലയിൽ നിന്നു ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ ബിരുദമാണ് യോഗ്യത.താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡേറ്റയും, സർട്ടിഫിക്കറ്റുകളും സഹിതം ഇന്റർവ്യൂവിൽ പങ്കെടുക്കണം. പ്രതിമാസം 7500 രൂപ സ്റ്റൈപ്പന്റായി ലഭിക്കും. ഒരു വർഷത്തേക്കാണ് നിയമനം. വിശദ വിവരങ്ങൾക്ക്: www.cdckerala.org (ഫോൺ: 0471 2553540).

## എൻഎസ്ഡിസിയുമായി റിലയൻസ് ഫൗണ്ടേഷൻ കൈകോർക്കുന്നു




**കൊച്ചി/ ന്യൂഡൽഹി:** റിലയൻസ് ഫൗണ്ടേഷനും നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനും (എൻഎസ്ഡിസി) ഭാവിയിൽ ആവശ്യമായി വരുന്ന സ്കിൽഡ് കോഴ്സുകൾ സൃഷ്ടിക്കുന്നതിനായി ധാരണയിൽ. അഞ്ച് ലക്ഷം യുവാക്കൾക്ക് ഈ പങ്കാളിത്തം ഗുണം ചെയ്യും. എഡ്ടെക്, സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), പാരിസ്ഥിതിക സുസ്ഥിരത, നയ വിശകലനം എന്നിവയും അതിലേറെയും ഉൾപ്പെടെയുള്ള മേഖലകളിൽ യുവാക്കൾക്ക് കഴിവ് സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പാഠ്യപദ്ധതിയുടെ വികസനമാണ്  ഈ പങ്കാളിത്തം ലക്ഷ്യം വെയ്ക്കുന്നത് .സ്കില്ലിംഗ്, റീസ്കില്ലിംഗ്, അപ്പ്സ്കില്ലിംഗ് എന്നീ മന്ത്രങ്ങൾ ഉൾക്കൊണ്ട് ഇന്ത്യ അജയ്യമായി മാറുമെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്ര വിദ്യാഭ്യാസ നൈപുണ്യ വികസന സംരംഭകത്വ മന്ത്രി  ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. നൈപുണ്യ ആവാസവ്യവസ്ഥയിലെവിവിധ ഡിജിറ്റൽ സംരംഭങ്ങൾ എവിടേയും, എപ്പോൾ വേണമെങ്കിലും, എല്ലാവർക്കും അവർ ആഗ്രഹിക്കുന്ന മേഖലയിലെ വൈദഗ്ധ്യം ഉറപ്പാക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ യുവജന സംഖ്യ ഇന്ത്യയിലാണുള്ളത്, ഭാവിയിൽ ആവശ്യമായ കഴിവുകളോടെ അവരെ തയ്യാറാക്കാനുള്ള ഞങ്ങളുടെ ശ്രമമാണിത്. ഇത് അവരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനും അവരുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സഹായിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എൻഎസ്ഡിസിയുമായുള്ള ഈ പങ്കാളിത്തം യുവാക്കളെ വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടുന്നതിനും വികസിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ പ്രൊഫൈലുകൾക്കും അവസരങ്ങൾക്കുമൊപ്പം കഴിവുകൾ ക്രമീകരിക്കുന്നതിനും സഹായിക്കുമെന്ന് റിലയൻസ് ഫൗണ്ടേഷന്റെ സിഇഒ ജഗന്നാഥ കുമാർ പറഞ്ഞു,ഉയർന്ന നിലവാരമുള്ള പാഠ്യപദ്ധതിയുടെ രൂപകൽപ്പനയും വികസനവും; വിദ്യാർത്ഥി സേവനങ്ങൾ സ്ഥാപിക്കുക; പരിശീലകരുടെ പരിശീലനം;  എ ഐ യുടെ സഹായത്തോടെയുള്ള ഓൺലൈൻ അസ്സസ്മെന്റുകൾ ; സർട്ടിഫിക്കേഷനുകളും ഇൻഡസ്ട്രി അലൈൻഡ് പ്ലേസ്മെന്റുകളും ഈ പങ്കാളിത്തത്തിന്റെ അവിഭാജ്യ ഘടകമാണ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663